# കേരള സർവകലാശാല

നം. പി.ആർ.163/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം-2017
### ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, ഐ.എച്ച്.ആർ.ഡി.) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. ജൂലൈ 24-ാം തീയതി വൈകുന്നേരം 5 മണി മുതൽ ജൂലൈയ് 27-ാം തീയതി വൈകുന്നേരം 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. പുതിയ ഓപ്ഷനുകൾ ചേർക്കാനും ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തുവാനും ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ജൂലൈ 27 വൈകുന്നേരം 5.00 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓരോ കോളേജുകളിലും നിലവിലുള്ള ഒഴിവുകളും ഏറ്റവും ഒടുവിൽ പ്രവേശനം ലഭിച്ച കുട്ടിയുടെ ഇൻഡക്സ് മാർക്ക് 'Last Index Mark' എന്നിവ (http://admissions.keralauniversity.ac.in) വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഇൻഡക്സ് മാർക്ക് ഈ വിവരവുമായി താരതമ്യപ്പെടുത്തി തങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഓപ്ഷനുകൾ ക്രമീകരിക്കാവുന്നതാണ്. ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം പരിഗണിച്ച് ജൂലൈ 31-ാം തീയതി നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. ഒന്നാം ഓപ്ഷൻ തന്നെ ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരം ഇല്ല. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷനുകളിൽ മാറ്റം വരുത്താം. ഇപ്പോൾ ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യണം.

### പി.ജി ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സ്: അഡ്മിഷൻ

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സി (2017-18) ലേക്കുള്ള അഡ്മിഷൻ ജൂലൈ 27-ന് രാവിലെ 10.00-ന് പാളയത്തുള്ള ഇംഗ്ലീഷ് പഠന വകുപ്പിൽ നടക്കും. മെമോ കാർഡ് ലഭിക്കാത്തവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ഓഫീസുമായി ജൂലൈ 25-നകം ബന്ധപ്പെടുക.

### ബി.എ/ ബി.എസ്സി/ ബി.കോം/ ബി.ബി.എ/ ബി.സി.എ/ ബി.എസ്.ഡബ്ലിയു/ ബി.വോക്/ ബി.പി.എ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 25 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ/ ബി.എസ്സി/ ബി.കോം/ ബി.ബി.എ/ ബി.സി.എ/

ബി.എസ്.ഡബ്ലിയു/ ബി.വോക്/ ബി.പി.എ (റഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് - 2013, 2014 സ്കീം) ബി.ബി.എ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
21.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098